




ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്. എസ്.
കൊളത്തൂർ 2018-19





# പട്ടം

# ഇ- മാഗസിൻ



സാങ്കേതികവിദ്യയോടുള്ള പുതതലമറയുടെ ആഭിമുഖ്യം

സർഗാത്മകമായും കലാപരമായും പ്രയോജനപ്പെടുത്തി ഗവൺമെൻറ്

ഹൈസ്ക്കൂൾ കൊളത്തൂരിലെ കുട്ടികൾ അണിയിച്ചൊരുക്കിയ പട്ടം

വാനോളംഉയരട്ടെ എന്ന്ആശംസകളോടെ

ഹെഡ്മാസ്റ്റർ

ഭാസ്കരൻ എ



# TEAM LITTLE KITES



# GHS KOLATHUR

## ഉള്ളടക്കം


ആമുഖം..........5
Save energy..........7
pavithran 8A..........7
മുത്തച്ഛൻ കവിത..........8
ഷംസഫാത്തിമ 6b..........8
വര..........9
മാൻ കുട്ടിയും ഉറുമ്പും കഥ..........10
-നിവേദ് കൃഷ്ണ 5 ബി..........10
കാട്ടിലെ പള്ളിക്കൂടം കഥ..........11
ശ്രേയ മണികണ്ഠൻ..........11
വര ഗോകുൽ രാജ്..........13
വേനൽക്കാലം..........14
ദൃശ്യ.കെ കവിത..........14
കണ്ണാടി..........15
ശ്രീജ പി പി..........15
പൂമ്പാറ്റ..........16
കവിത..........16
അശ്വതിഅശോകൻ 7B..........16
വര ഗോകുൽ..........17
എൻെറ മഴയനുഭവം..........18
കവിത നീതു നാരായണൻ..........18
മൈസൂർ ചാരുതയിലൂടെ....... . യാത്രാവിവരണം..........19
നമിത.കെ..........19
അമ്പിളി അമ്മാവൻ കവിത..........23
അർച്ചന, പ്രശാന്ത് 9 A..........23
വര കൃഷ്ണപ്രിയ..........24
SMILE OF A STAR കവിത..........25
Sayana.S.N 9A..........25
മഴ പറഞ്ഞത്..........26
വര റാഷിദ..........27
എൻെറ ഓർമ..........28
കവിത ശ്രീഷ്മ.സി.കെ4.A..........28
മഴ മൊഴി കഥ..........29
മധുര വിഷം..........32
കഥ..........32

കൃഷ്ണപ്രിയ.പി 9.A....32
വര ശ്രീശയൻ....35
മഴ പറയാതെ പോയത്....36
കഥ....36
സാന്ദ്രസുമേഷ് 10A....36
യാത്രാ വിവരണം....40
അർഷിത. കെ....40
ആറ് കഥ....42
....42
....42
*കാർട്ടൂൺ....43*
മാമ്പഴം കഥ....44
ഷംസഫാത്തിമ 6B....44
ജ്വലിക്കുന്ന നിമിഷം....46
കവിത....46
മിനി ടീച്ചർ....46
മഴ പറഞ്ഞതെന്ത്....47
വര ജിഷ്ണു....49
മഴ പെയ്യുന്ന കവിത....50
അൻഷാസ്....50
വര മഞ്ജരി....51
വര ഗൗതംകൃഷ്ണ....56

# ആമുഖം



പട്ടം ഇ മാഗസിൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് എന്ന നിലയിൽ അഭിമാനിക്കുന്നു.മാസങ്ങളോളം നീണ്ട പരിശ്രമം ഇതിന്റെ പിന്നിലുണ്ട്.ലിറ്റിൽകൈറ്റ്സിന്റെ കുട്ടികളെ മലയാളം ടൈപ്പിങ്ങ് പരിശീലിപ്പിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.കുട്ടികളുടെ അനുഭവങ്ങളും,സമകാലികസംഭവങ്ങളും മറ്റും കഥയായും,കവിതയായും, ചിത്രങ്ങളായും ഇതിൽ രൂപപ്പെട്ടിട്ടുണ്ട്.പട്ടം പറക്കാനുള്ള ചിറകുകൾ നൽകട്ടെ...കാറ്റിന്റെ താളത്തിൽപൊങ്ങി ഉയരങ്ങൾ താണ്ടുമ്പോൾ ചിന്തകളും ഒപ്പം സഞ്ചരിക്കട്ടെ..................

കൈറ്റ്മിസ്ട്രസ് നളിനി.ബി.

## Save energy

*pavithran 8A*



# മുത്തച്ഛൻ കവിത

ഷംസഫാത്തിമ 6b

ഞങ്ങൾക്കുണ്ടൊരു മുത്തച്ഛൻ

എല്ലു വളഞ്ഞൊരു മുത്തച്ഛൻ

പല്ലു കൊഴിഞ്ഞൊരു മുത്തച്ഛൻ

മീശ വളർത്തിയ മുത്തച്ഛൻ

താടി നരച്ചൊരു മുത്തച്ഛൻ

വാശി നിറഞ്ഞൊരു മുത്തച്ഛൻ

കോപം കാട്ടും മുത്തച്ഛൻ

സ്നേഹം ചൊരിയും മുത്തച്ഛൻ

ഞങ്ങൾക്കെന്നും തണലായി

വീട്ടിലിരിക്കും മുത്തച്ഛൻ



വര

# മാൻ കുട്ടിയും ഉറുമ്പും

കഥ

-നിവേദ് കൃഷ്ണ 5 ബി

പുഴക്കരയിൽ കാറ്റ് കൊള്ളുവാൻ എത്തിയ മാൻകുട്ടി ഒരു കട്ടുറുമ്പിനെ കണ്ടുമുട്ടി . "ഹായ് ,ചങ്ങാതി .എന്താ നിൻറ പേര് "

കട്ടുറുമ്പ് ചോദിച്ചു . "ഹും, ഉറുമ്പുകളോടും വണ്ടുകളോടുമൊന്നും

ഞങ്ങൾ മാനുകൾ കൂട്ടുകൂടാറില്ല"ഇതുകേട്ട ഉറുമ്പ് സങ്കടത്തോടെ തിരികെ

നടന്നു . അപ്പോഴതാ ഒരു കടുവച്ചാടിവീണ് മാനിനെപിടിയിലാക്കി.

മാനിൻെറ കരച്ചിൽ കേട്ട് വെറുതെയിരിക്കാൻ ഉറുമ്പിന് ആയില്ല. അവൻ

കടുവച്ചാരുടെ കാലിൽ ഒറ്റക്കടി. ഞെട്ടി പോയ കടുവപിടിവിട്ടു . ആ

തക്കത്തിന് മാൻ ഓടി രക്ഷപ്പെട്ടു.ഉറുമ്പ് ഒളിക്കുകയും ചെയ്തു .തന്നെ

രക്ഷിച്ചത് ഉറുമ്പാണെന്ന് മാനിന് മനസിലായി.മാൻ കട്ടുറുമ്പിനോട്

ക്ഷമചോദിച്ചു .പിന്നീട് അവർ നല്ല ചങ്ങാതിമാരായി മാറി.

# കാട്ടിലെ പള്ളിക്കൂടം


കഥ

*ശ്രേയ മണികണ്ഠൻ*

**നീ**ലഗിരി കാട്ടിൽ ഇന്ന് പള്ളിക്കൂടം തുറക്കുന്ന ദിവസമാണ്.ചിന്നുമുയലും അപ്പുക്കരടിയും മിന്നുകുരങ്ങനും സന്തോഷത്തിലാണ്.പുതിയ ബാഗും പുതിയ പുസ്തകവുമായി അവർ കാട്ടിലെ പുഴയോരത്തു കൂടി നടക്കുകയായിരുന്നു.അപ്പോൾ മിന്നു കുരങ്ങൻ പറഞ്ഞു നമ്മുടെ രാജുപ്പൂച്ച ചേട്ടൻ നല്ല കച്ചവടമായിട്ടുണ്ട്.ഇത് കേട്ട് അപ്പുക്കരടി ചോദിച്ചു ഏത് പൂച്ചച്ചേട്ടൻ ?അപ്പോൾ മിന്നുകുരങ്ങൻ പറഞ്ഞു ബാഗും പുസ്തകവും വിൽക്കുന്ന രാജുപൂച്ചച്ചേട്ടൻ.ഞാൻ അവിടുന്ന് ബാഗ് വാങ്ങാൻ പോയപ്പോൾ അവിടെ തിരക്കുണ്ടായിരുന്നു.അതെ ഞാൻ അവിടുന്നാ ബാഗ് വാങ്ങിയത്.ഇങ്ങനെ ചിന്നുമുയൽ പറഞ്ഞു.പല കാര്യങ്ങൾ പറഞ്ഞ് അവർ പള്ളിക്കൂടത്തിൽ എത്തി.അവർ പള്ളിക്കൂടത്തിൽ കയറി ആദ്യത്തെ ബെഞ്ചിലായിരുന്നു ഇരുന്നത്.അപ്പോൾ അവിടെ സാരിയുടുത്ത് ഒരു പാറു മാൻ വന്നു.അവൾ ആ ക്ലാസിലെ ടീച്ചറായിരുന്നു.ടീച്ചർ ഹാജർ എടുക്കാൻ തുടങ്ങി.ആ ക്ലാസിൽ ഒരു കുട്ടിവന്നില്ലായിരുന്നു.അത് വേറെയാരുമല്ല നമ്മുടെ അച്ചു സിംഹക്കുട്ടനായിരുന്നു.അപ്പോൾ ചിന്നു മുയൽ പറഞ്ഞു അവൻ എന്താ ഇന്ന് ക്ലാസിൽ വരാത്തത്?.നമുക്ക് വൈകുന്നേരം അവൻെറ വീട്ടിൽ പോകണം .അതെ അപ്പുക്കരടിയും പറഞ്ഞു.പള്ളിക്കൂടം വിട്ട് അവർ അച്ചു സിംഹത്തിൻെറ വീട്ടിൽ പോയി.അവിടെ അച്ചു സിംഹം നല്ല ഉറക്കത്തിലായിരുന്നു.അവൻെറ കൂട്ടുകാർ അവനെ ഞെട്ടിപ്പിച്ച് ഉണർത്തി.അവൻ കൂട്ടുകാരോട് ചോദിച്ചു.നിങ്ങൾ ഇത്ര നേരം എവിടെയായിരുന്നു.ഞങ്ങൾ ഇന്ന് പള്ളിക്കൂടത്തിൽ പോയിരുന്നു.അവിടെ നിന്ന് ഞങ്ങൾക്ക് ഒരു പാട്ടുപടിപ്പിച്ചുതന്നു.നിനക്ക് പാട്ട് കേൾക്കണോ.അപ്പുക്കരടി ചോദിച്ചു.കേൾക്കണം അച്ചു

സിംഹം പറഞ്ഞു.അവർ മൂന്നുപേരും അച്ച സിംഹത്തിന് പാട്ട് പാടിക്കൊടുത്തു.പാട്ട് കേട്ട് അച്ച സിംഹം കുട്ടകരോട് പറഞ്ഞു.ഹാ നല്ല പാട്ട്.ഇനിനമുക്ക് കളിക്കാം.അപ്പോൾ അപ്പുക്കരടി പറഞ്ഞു.ഞങ്ങൾ ക്ഷീണിച്ച് വന്നിരിക്കുകയാണ്.ഇനി ഞങ്ങൾ വിശ്രമിക്കട്ടെ.അവർ അവിടുന്ന് പോയി.പിറ്റേന്ന് അവർ പള്ളിക്കൂടത്തിൽ എത്തുന്നതിന് മുൻമ്പ് ആരോ അവിടെ എത്തിയിരിക്കുന്നു.അത് വേറെയാരുമല്ല നമ്മുടെ സിംഹക്കുട്ടൻ തന്നെ.പിന്നീട് അവൻ പള്ളിക്കൂടത്തിൽ എപ്പോഴും പോകും.

# വര ഗോകുൽ രാജ്



# വേനൽക്കാലം

ദൃശ്യ.കെ കവിത

വേനൽ, കത്തുന്ന തീജ്വാലയിലെ -

വരൾച്ചയേകിയ കരിങ്കനൽ

അടങ്ങിയ ശീതക്കാലത്തെ

ചെറുക്കാനെത്തിയ പഴുതാര.

ജീവൻെറയോരോ കണികയെയും

ബാഷ്പമാക്കാൻ കഴിവുള്ളവൻ.

വറ്റിവരണ്ടനീരുറവകളും, ജലാശയങ്ങളും

അതിഥിയായൊരിവൻെറപൊതി -

സമ്മാനം

വേരറ്റുപോയ ജീവൻെറ ചിതംഭസ്മം,

പുഴകളിലൊഴുകുന്ന വാങ്മയചിത്രം.

മനസ്സിൻെറ ഇല്ലിപടവിൽ കുഴിച്ചിട്ടിരിക്കുന്നു

സ്പന്ദനമേകാത്ത ഒരു ജീവൻെറ

സിരയിലും ധമനിയിലും

ഇക്കാലമത്രയും

# കണ്ണാടി

ശ്രീജ പി പി

ചരിക്കണമെന്നുണ്ട് പക്ഷേ ഭയമാണ്
പ്രതി ബിംബങ്ങൾ പൊട്ടി പ്പോകുമോയെന്ന്
കരയണമെന്നുണ്ട് പക്ഷേ ഭയമാണ്
പൊട്ടിയ ബിംബങ്ങൾ
കണ്ണീരിൽ ഒഴുകിപ്പോകുമോയെന്ന്

ചിതലരിച്ച സ്വപ്നങ്ങളും ചിറകറ്റുപോയ പ്രണയവും
ചിന്തകൾക്ക് വാൽമീക കവചമേകിയപ്പോൾ
വായിക്കുന്നതെല്ലാം വല്ലായ്മ കൾ
വരയ്ക്കുന്നതെല്ലാം കേവല ജല രേഖകൾ
ഓ ആകുലതകൾക്ക് അവധി കൊടുത്ത്
ഞാൻ ചിരിച്ചപ്പോഴോ....?

ഉന്തിയ കോമ്പല്ലുകൾ കുത്തിപ്പൊളിച്ച കണ്ണാടി ചില്ലുകൾ..
എന്നെ നോക്കി പകരം ചിരിച്ചത് നീ മാത്രം

# പൂമ്പാറ്റ

## കവിത

അശ്വതിഅശോകൻ 7B

അരികെ വരുമോ പൂമ്പാറ്റേ.....

തഴുകിയുറക്കാം ഞാൻ നിന്നെ

മധുരം ഏറ്റും പൂമ്പൊടിയും

തേനും നൽകാം ഞാനെന്നും

അതിനായി ഞാനീ മലർവാടി

പരിപാലിക്കും പതിവായി....

പറയാം ഞാനൊരു കാര്യം

നീ പിരിയരുതെന്നേ ഒരുനാളും

പലരും നിന്നെ കാണാനായ്

ആശിച്ചങ്ങു വരുന്നേരം

അവരോടൊത്തു പറക്കാനായ്

പോരൂ നീയെന്നരികത്തായ്.....




വര ഗോകുൽ

# എന്റെ മഴയനുഭവം

കവിത

നീതു നാരായണൻ

മഴയാണെനിക്കിഷ്ടം

എന്റെ മഴയാണെനിക്കിഷ്ടം

മഴയത്തിരിക്കുമ്പോൾ എൻ-

മനം ആനന്ദ പുളകിതത്താൽ പുണരുന്നു.

സ്നേഹത്തിൻ തുള്ളിയാണെന്റെ മഴ

സ്നേഹത്തിൻ അഖിലമാണെന്റെ മഴ

ഭൂമി തണുക്കുമ്പോൾ മനവും

തണുക്കുന്നു.കൂടാതെ പൂക്കളാടിക്കളിക്കുന്നു.

മഴയാണെനിക്കിഷ്ടം

എന്റെ മഴയാണെനിക്കിഷ്ടം

ജീവനായ് പ്രാണനായ്

നിൽക്കും മഴ.എന്തൊരു

ഭംഗിയാണെന്റെ മഴ.

# മൈസൂർ ചാരുതയിലൂടെ....... .

യാത്രാവിവരണം

നമിത.കെ

**എൻെറ** കണ്ണുകളെ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.ഇന്നാണ് ആ

ദിവസം .മൈസൂരിൻെറ വിശാലമായ താളുകളിലേക്ക് ഇതാ ഒരു യാത്ര. 20-1-2018 ശനിയാഴ്ച രാത്രി 9 മണിക്കായിരുന്നു യാത്രയുടെ തുടക്കം. ബസ്സിൻെറ മനോഹാരിതയിൽ ഞാൻ എന്നെ തന്നെ മറന്നുപോയിരുന്നു. ഞാൻ കുറച്ചുനേരം ഇമ വെട്ടാതെ നോക്കി നിന്നു.

ഇരുട്ടിൻെറ കൈകളിലൂടെ ഞങ്ങൾ യാത്രയായി.

കുറച്ചു സമയം ഞങ്ങളൊക്കെ അനങ്ങാതെ നന്നായി ഇരുന്നെങ്കിലും ഡി.ജെ പാട്ട് വച്ചപ്പോൾ ഞങ്ങൾ ഞങ്ങളുടെ കുതറ സ്വഭാവം ഏറെക്കുറെ പുറത്തെടുക്കാൻ തുടങ്ങി. രാത്രിയുടെ സൗരഭ്യത്തിൽ പാട്ട് കേട്ടും ഡാൻസ് കളിച്ചും ഞങ്ങൾ യാത്രയായി. സ്വന്തം നാട്ടിലെ പലരുടെയും മുഖം ഞാൻ അവിടെ കണ്ടു.ആഹ്ലാദതിമിർപ്പിൽ ഉറക്കം പാടെ നഷ്ടപ്പെട്ടിരുന്നു.

രാവിലെ 5.00 ക്ക് ഏവരെയും വിസ്മയിപ്പിക്കുന്ന മൈസൂരിൻെറ മണ്ണിൽ ഞങ്ങൾ കാലു കുത്തി.നല്ല തണുപ്പായിരുന്നു.പക്ഷേ ആ തണുപ്പിലും ഞങ്ങൾ ഒരു ഭാവമാറ്റവും കൂടാതെ കൈകോർത്ത് നിന്നു.റെഡിയാകാൻവേണ്ടി ലോഡ്ജ് എടുത്തിരുന്നു. ലോഡ്ജിൽ കയറി.പരദൂഷണം പറയുന്നതിനിടെ സമയം പോയതറിഞ്ഞില്ല. വേഗം കുളിച്ച് റെഡിയായി. പെട്ടെന്നു തന്നെ ഞങ്ങൾ ആദ്യ ലക്ഷ്യത്തിലേക്ക് കുതിച്ചു. അതിമനോഹരമായ മൃഗശാല അവിടെ എന്നെ ആകർഷിച്ചത് പ്ലാസ്റ്റിക്കിൻെറ അംശമില്ലാത്ത ഹരിത ഭംഗിയായിരുന്നു. പിന്നെ കണ്ടത് ഇടിവെട്ട് കാഴ്ചയായിരുന്നു. എത്രയെത്ര മൃഗങ്ങൾ. ആശയവിനിമയം നടത്തുന്ന

ഒരുപാട് പക്ഷികൾ. പലതരം സസ്യജന്തു ജാലങ്ങൾ.ഏകദേശം 5,6 കി.മീ ഞങ്ങൾ നടന്നു. ഉള്ളിൽ പലർക്കും ക്ഷീണം തോന്നിയെങ്കിലും അവിടുത്തെ കാഴ്ചകൾ കാണുമ്പോൾ അതൊക്കെ മറന്നുപോയിരുന്നു.ഒടുവിൽ ഞങ്ങൾ പുറത്തേക്ക് ഇറങ്ങി. പിന്നെ പോയത് ചർച്ചിലേക്കായിരുന്നു. ചർച്ചിൻെറ ഏറ്റവും മുകളിലായി വലിയ തേനീച്ചക്കൂട് സ്ഥിതിചെയ്യുന്നതായി എൻെറ കണ്ണിൽ പെട്ടു. അടുത്ത ലക്ഷ്യത്തിലേക്ക് നീങ്ങി. ഇന്ത്യയുടെ അഭിമാനമായ ഒരു വശ്യമനോഹരസ്ഥലമായിരുന്ന മൈസൂർ പാലസ്. എൻെറ കണ്ണുകളെ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. കൊത്തുപണികൾകൊണ്ട് ഭംഗിയാർന്ന ഒരു കൊട്ടാരമായിരുന്നു അത്. ഇന്ത്യക്ക് പുറത്തും അകത്തുമുള്ള ഒരുപാട് പേർ ഉണ്ടായിരുന്നു. എനിക്ക് അവിടെ നിന്ന് പോകാൻ മനസ്സില്ലായിരുന്നു. ഒരു പാട് പേർ ഉണ്ടായിരുന്നു.എനിക്ക് അവിടെ നിന്ന് പോകാൻ മനസ്സുവന്നില്ല.കുറേ ഫോട്ടോകൾ ഫോണിലേക്ക് പകർത്തി.അതിനടുത്തുള്ള ഒരു ക്ഷേത്രത്തിലേക്കും പോയി. മനസുതുറന്ന് പ്രാർത്ഥിച്ച് പ്രസാദവും വാങ്ങിച്ച് യാത്രതിരിച്ചു.

പിന്നീട് പോയത് വാട്ടർ ജയിലിലായിരുന്നു. അവിടെ ഒരു അറയുണ്ടായിരുന്നു. തെറ്റുചെയ്യുവരെ കെട്ടിയിട്ട് വെള്ളം നിറച്ച് കൊല്ലുക എന്നായിരുന്നു അവിടെ പണ്ടുണ്ടായിരുന്ന രീതി. അവിടം വിശാലമായി നോക്കി കണ്ടു.അതിൻെറ അരികിൽ ഒരു ക്ഷേത്രമുണ്ടായിരുന്നു.ഒരു പാട് ചുറ്റിനടന്നെങ്കിലും അവസാനം അവിടെ പ്രതിഷ്ഠിച്ച ദേവിയെ കണ്ടതും അറിയാതെ എൻെറ,കണ്ണുകൾ നിറഞ്ഞു.

അതിസുന്ദരമായ വൃന്ദാവനം. ശ്രീ കൃഷ്ണനും കളിക്കൂട്ടുകാരായ രാധമാരും താമസിച്ചതും ഉല്ലാസിച്ചതുമായ സ്ഥലം.വൈകിട്ടോടെയായിരുന്നു ഞങ്ങൾ അവിടെ എത്തിയത്. മൂവന്തിയുടെ സൗന്ദര്യത്തിലാണോ എന്നറിയില്ല ആ കാഴ്ച എൻെറ മനസ്സിനെ കീഴടക്കിയിരുന്നു. പ്രകൃതിയുടെ മനോഹാരിത എൻെറ കണ്ണുകളെ

വിസ്മയിപ്പിച്ചിരുന്നു.സന്ധ്യാസമയത്താണ് ഞങ്ങൾ വാട്ടർ ഡാൻസ് കാണാൻ പോയത്.പലതരത്തിലുള്ള പാട്ടുകൾ കൊണ്ട് വാട്ടർ ഡാൻസ് ഭംഗിയാർന്നിരുന്നു. ഞങ്ങളെല്ലാവരും തിരിച്ച് ലോഡ്ജിലേക്ക് വന്നു.എല്ലാവരും ക്ഷീണിച്ചിരുന്നു.ലോഡ്ജിൽ എത്തിയപ്പോൾ അതുവരെ വേട്ടയാടിയ വിശപ്പിനെ ഞങ്ങൾക്ക് അകറ്റാൻ പറ്റി. ഫ്രണ്ട്സ് ഒക്കെയുള്ള ഈ യാത്രയിൽ സുഖമായി സന്തോഷത്തോടെ ഞങ്ങൾ ഉറക്കത്തിലേക്ക് കാൽവഴുതി.

പിറ്റേന്ന് രാവിലെ കഠിനമായ തണുപ്പായിരുന്നു.പ്രഭാതത്തിൻെറ വശ്യമനോഹാരിതയിൽ ഞാനും എൻെറ കൂട്ടുകാരും മതിമറന്ന് ആഹ്ലാദിച്ചെങ്കിലും ഉറക്കം പിന്നെയും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു.പക്ഷേ കുളിച്ച് റെഡിയായപ്പോൾ ഞങ്ങളുടെ പഴയ ഉഷാർ ഞങ്ങൾക്ക് തിരിച്ചു കിട്ടി.പിന്നെ മൊത്തം തമാശകളും പെട്ടിച്ചിരികളുമായി ഇരുട്ടുനിറഞ്ഞ പ്രഭാതത്തിൽ നിന്ന് ഞങ്ങൾ പതിയെ വെളിച്ചത്തിലെത്തി.രാവിലെ തന്നെ പോയ സ്ഥലം എൻെറ മനസ്സിൻെറ വിസ്മയങ്ങളിലൊന്നായിരുന്നു.മനോഹാരിതയിൽ നിറഞ്ഞ് ലോകാത്ഭുതങ്ങളിൽ ഒന്നായ ശ്രാവണബലഗോള.അവിടെത്തെ പ്രധാനപ്പെട്ട പ്രത്യേകതയാണ് ഗോമതേശ്വര പ്രതിമ.വിന്ധ്യാമലനിരയിൽ സമുദ്രനിരപ്പിൽ നിന്നും 3000 അടി ഉയരത്തിലാണ് ഗോമതേശ്വര പ്രതിമ സ്ഥാപിക്കപ്പെട്ടിട്ടുള്ള ശ്രുവണബളഗോള.മൈസൂരിൽ നിന്നും 93 കി.മീ യാത്ര ചെയ്താണ് ഞങ്ങൾ അവിടെ എത്തിയത്.ഈ പ്രതിമ 50 മീറ്റർ ഉയരമുള്ള ഒറ്റക്കല്ലിൽ നിന്നാണ് കൊത്തിയെടുത്തത് എന്നു കേട്ടപ്പോൾ അത്ഭുതം തോന്നി.ക്ഷേത്രത്തിലേക്ക് എത്തണമെങ്കിൽ 500 പടവുകൾ താണ്ടണം.ആദ്യം വിഷമം തോന്നിയെങ്കിലും വളരെ സാഹസികമായി ഞങ്ങൾ പടവുകൾ കയറി.ഗോമതേശ്വര പ്രതിമയുടെ മുന്നിലാണ് നിൽക്കുന്നതെന്നറിഞ്ഞപ്പോൾ ശരിക്കും മനസ്സിന് കുളിർമ തോന്നി.വളരെ ഭംഗിയായ കാഴ്ചളാണ് ഞങ്ങളുടെ ചുറ്റിലും ഉണ്ടായിരുന്നത്.എല്ലാവരും അച്ചടക്കം പാലിച്ച് വളരെ

ശ്രദ്ധയോടെ എല്ലാം നോക്കി കണ്ട് പടവുകൾ ഓരോന്നായി ചവിട്ടി ഇറങ്ങാൻ തുടങ്ങി.കുറച്ച് സമയം വിശ്രമിച്ച ശേഷം പിന്നെയും യാത്ര തുടർന്നു.ഇന്ത്യയുടെ മാപ്പിൽ പെട്ടന്നു നോക്കിയാൽ കാണുന്ന ശ്രി രംഗപട്ടണം.അവിടെ ചുറ്റും ഒന്നു കറങ്ങി.വളരെ മനോഹാരിത നിറഞ്ഞ ഒരിടമായിരുന്നു ടിപ്പുപാലസ്.അദ്ദേഹത്തിൻേറയും ശേഷിപ്പുകളായ ഒരുപാട് ചിത്രങ്ങൾ കണ്ട് മനസിലാക്കി.ഹേമാവതി,കാവേരി,ഭവാനി എന്നീ പുഴകൾ ചേരുന്ന ത്രിവേണിസംഗമം ഞങ്ങൾ കാണാനിടയായി.

ടിപ്പുവിൻെറ സമാധിയിലായിരുന്നു ഞങ്ങൾ പിന്നെ പോയത്.ടിപ്പു,അച്ഛനായ ഹൈദരലി,അമ്മ ഫാത്തിമ എന്നിവരുടെ സമാധികൾ ഞങ്ങൾ കണ്ടു.കൂടാതെ സൈനികരും കുടുംബക്കാരുടെയും സമാധികൾ ദർശിച്ചു.അവിടുത്തെ പച്ചപ്പിൽ ഞങ്ങൾ ഒരു നിമിഷം ഇരുന്ന് ആശയങ്ങൾ പങ്കുവച്ചു.അവസാനലക്ഷ്യമായ ചാമുണ്ടിക്കുന്നിലേക്കായിരുന്നു അടുത്ത യാത്ര.രാത്രിയായിരുന്നു അവിടെ എത്തിയത്.ആ ഇരുട്ടിൽ ഒരു നിമിഷം മൈസൂർ മൊത്തമായി ഞങ്ങൾക്ക് കാണാൻ സാധിച്ചു.ഇതുവരെ പോയ എല്ലാസ്ഥലങ്ങളിലും ഒന്നു കൂടി ഫീലിംഗ്സ് എൻെറ മനസ്സിൽ കടന്നു വന്നു.

വന്നതുപോലെയായിരുന്നില്ല ,തിരിച്ചു പോകുന്നു എന്നറിയുമ്പോൾ എല്ലാവരുടെയും മുഖം വാടിയിരുന്നു.ഓരോരുത്തരും എപ്പോഴും ഓർത്ത് ജീവിതത്തിൽ സൂക്ഷം കണ്ടെത്തേണ്ട ഒരു യാത്രയായിരുന്നു.വളരെ വിജയകരമായി പൂർത്തീകരിച്ചു എന്നുള്ളതാണ് ഈ യാത്രയുടെ ഏറ്റവും വലിയ സന്തോഷവും.ബസ് മുന്നോട്ട് പോകുന്തോറും മനസ്സ് വിലക്കിയിരുന്നു.ഒരു പക്ഷേ ജീവിതത്തിൽ ഏറ്റവും ഭംഗിയാർന്നതും മറക്കാൻ പറ്റാത്തതുമായ ഒരു യാത്രയായിരിക്കും ഇത്.അത്രയ്ക്കും ഈ യാത്ര മനസ്സിനെ കീഴടക്കിയിരുന്നു.ഇപ്പോൾ ആ അനുഭവങ്ങളും സന്തോഷങ്ങളുമൊക്കെ ഓർമകളിലും വെറും ചില ഫോട്ടോയിലും മാത്രമായി ഒതുങ്ങിനിൽക്കുന്നു.


# അമ്പിളി അമ്മാവൻ

കവിത

അർച്ചന, പ്രശാന്ത്9

A

അമ്പിളിഅമ്മാവാ...അമ്മാവാ...
മാനത്തങ്ങനെ നിൽപ്പാണോ...
താഴോട്ടു പോന്നാലോ ഞങ്ങൾ
പാലും പഴവും തരാം...
പപ്പട വട്ടത്തിൽ മാമൻ
പുഞ്ചിരി തൂകീട്ട്
താരങ്ങളോടൊപ്പം കാണാനെന്തൊരു ചേലാണ്...
അമ്പിളിഅമ്മാവാ...അമ്മാവാ...
മാനത്തങ്ങനെ നിൽക്കാതെ
താഴോട്ടു പോന്നിട്ട്
ഞങ്ങടെ കൂടെ കളിക്കാൻ വാ...
അമ്പിളി അമ്മാവാ... അമ്മാവാ....




വര കൃഷ്ണപ്രിയ

# SMILE OF A STAR

കവിത

**Sayana.S.N 9A**

*In the night the stars glowed*

*smiled with their happiness*

*I wonder why they smile*

*Real treat for our eyes*

*Great treatment for our hearts*

*Erasing away our sadness*

*Their joyful smiles*

*Erase our bad moments*

*Then i wonder why they smile*

*They are making our moments joyful*

*They light up the hearts*

*Always shining ,*

*always smiling,*

*They are the guests of my dreams*

*I watch them,*

*I see the beauty,*

*I see the joys*

# മഴ പറഞ്ഞത്

ദൂരെ ആകാശത്തിൻറ വികൃതമായ പൊയ്മുഖം രോഷാകുലമായി മാറി മറഞ്ഞു കുരിരുളിൻറ ഭയകാന്തിയിൽ നക്ഷത്രങ്ങളെ തലചായ്ചുറങ്ങാൻ മേഘങ്ങൾ സാഹചര്യമൊരുക്കിയില്ല.അപ്പോഴും പുൽമേഞ്ഞ കുടിലിൽ ഇരുന്ന അമ്മുവിൻറ കണ്ണുകളിൽ ഭയത്താൽ തിളച്ചുമറയുന്നുണ്ടായിരുന്ന ആശ്രുബിന്ദുക്കൾ.ഇന്നും അവൾ പട്ടിണിയിലായിരുന്നു.ഇന്നലെ ശേഖരിച്ച ഒരു ഗ്ലാസ് വെള്ളത്തിൽ ദിവസം തള്ളിനീക്കിയതായിരുന്നു അവൾ.അവൾ ദിവസങ്ങൾ തള്ളി നീക്കിയിരുന്നത് അവളുടെ സ്വപ്നങ്ങൾ സ്വയം കെടുത്തിയായിരുന്നു.അവൾ രണ്ടു വർഷമായിഅനാഥയാണ്.രോഗികളായ അച്ഛനേയും അമ്മയേയും അവളെ തനിച്ചാക്കി കാലം നേരത്തെ വിളിച്ചു കൊണ്ടുപോയിരുന്നു.ഇത്രയും ദിവസം കടുത്ത ചൂടായിരുന്നു.എന്നാൽ ഇന്ന് ആകാശം മഴവിരുന്നിനായി
തയ്യാറെടുക്കുകയാണ്.അതാണ് അവൾക്ക് കൂടുതൽ പേടി.ഒരു മഴയെ താങ്ങാനുള്ള ശക്തി അവളുടെ കുഞ്ഞുമനസിനും ആ കുടിലിനും ഉണ്ടായിരുന്നില്ല അമ്മുവിന്റെ ചുരക്ക് ചുറ്റുമുള്ള വരണ്ടമായ അകത്തളങ്ങൾ നിദ്ര പ്രാവിക്കാൻ തുടങ്ങി.അമ്മുവിന്റെ ആരും തന്നെ തിരിഞ്ഞു നോക്കിയില്ല.അവൾ ഉറക്കം നടിച്ച് മാത്രം കിടന്നു.ഇന്നലെ
രാത്രിയും അവൾ ഒരു പോളകണ്ണ ചിമ്മിയിരുന്നില്ല. കാരണം
അവളുടെ വീടിനു പിറകിലുള്ള വലിയ പനകൾ ദിവാകരൻ മുതലാളിയുടെ പണിക്കാർ പാടുപെട്ട് മുറിക്കുന്നുണ്ടായിരുന്നു.
അതിന്റെ ശബ്ദം ഘോഷമായ ഇടിനാദത്തേയും തോൽപ്പിച്ചിരുന്നു. അവൾ ചിന്തയിൽ നിന്ന് തിരിച്ചെത്തി. ശോഭയറ്റ മനസുമായി ആ അന്ധകാരത്തിൽ അവൾ
ഏകയായി കിടന്നു. പെട്ടെന്ന് പ്രകൃതി തന്റെ അന്തർ മുഖം
അഴിഞ്ഞാടാൻ തുടങ്ങി. അപ്രതീക്ഷിതമായ കാറ്റ് ചെവികളെ
കോച്ചുന്ന ഇടിനാദം എങ്ങും ഭയാന്തരീക്ഷകമായിരുന്നു.അമ്മു
മരണത്തേയും കാത്ത് അമ്മയെ മനസിൽ ധ്യാനിച്ച കിടന്നു.

മഴ തകർത്തു താണ്ഡവമാടാൻ തുടങ്ങി.ഏതോ യുദ്ധത്ചതിൽ തോറ്റ പോരാളിയുടെ ഭാവത്തോടെ. ആളുകൾ പരിഭ്രാന്തരായി കുന്നിൻ മുകളിൽ നിന്ന് മലവെള്ളം ആർത്തിരമ്പി ഒഴുകി. വർഷങ്ങളായി മണ്ണിനധിപനായി നിന്ന ഹരിത ചാരുത ഒരു പിടി കണ്ണുനീരു കൊണ്ട് സ്വർഗ പ്രപ്തതായി.എങ്കിലും അവയുടെ ആത്മാവിന് ശാന്തിലഭിച്ചില്ല.താൻ ചെയാത തെറ്റന്തെന്നറിയാതെ ഒരു നിമിഷത്തെ ഇടവേളയിൽ അമ്മുവും അവളുടെ വീടും എങ്ങോ മറഞ്ഞുപോയിരുന്നു.ഒരു നിമിഷം മൂകനായി മഴപറഞ്ഞു അമ്മു ഞാൻ എന്ത് ചെയ്യാനാ....




# വര റാഷിദ

# എന്റെ ഓർമ

കവിത

ശ്രീഷ്മ.സി.കെ4.A

ഇടിവെട്ടി പെയ്യുന്ന കർക്കടകമാസത്തി-

ലൊരു പഞ്ഞമാസമാണെന്റെയോർമ.

മാനം കറുത്തതും കൂരിരുട്ടായതും

ഉമ്മറത്തിണ്ണയിലിരുന്നു കണ്ടു.

പെട്ടെന്നുമുന്നിലേക്കേയതാ വീഴുന്നു

ആലിപ്പഴം പോലെയുള്ള തുള്ളി.

കാറ്റും മിന്നലും ഉള്ളൊരാ നേരത്ത്

ആടിയുലഞ്ഞു പതിക്കുന്നു .

ഉമ്മറം പാതിയായ് നനയുന്ന നേരത്ത്

ഞാനോടി ആ ഉള്ളിലെ ജനൽപ്പാളിയിൽ-

നിന്നു മഴയുടെ സൗന്ദര്യം കാണുവാൻ

നിന്നു സൗന്ദര്യം ആസ്വദിച്ച്

മുറ്റത്തിരിക്കും പച്ചിലച്ചെടിയുടെ

സൗന്ദര്യം കാണാനെന്തു ഭംഗി.

# മഴ മൊഴി

കഥ

**മഴ** എന്നും ചിന്നുവിൻെറ കൂട്ടുകാരിയും പറഞ്ഞറിയിക്കാൻ പറ്റാത്ത അനുഭൂതിയാണ്. മഴയുടെ ഇരമ്പൽ കേട്ടാലുടൻ അവൾ തന്നെത്തന്നെ മറന്ന് അതിൽ അലിഞ്ഞ് ചേരും.പെയ്യുന്ന മഴയേക്കാൾ അവൾക്കിഷ്ടവും ഹരവും ചെയ്യാൻ വിതുമ്പി വിങ്ങിപ്പൊട്ടാനിരിക്കുന്ന കാർമേഘങ്ങളെയാണ്.

ഒരു നാൾ അമ്മഅടുക്കളയിലുണ്ടാക്കേണ്ട വിഭവങ്ങളിൽ മുഴുകിരുന്ന ആ നാൾ അനന്തവിഹായസ്സിലെന്നവണ്ണം മാനത്തിലേക്ക് കണ്ണും നീട്ടിയിരിക്കുന്ന ചിന്നു. പെട്ടന്നാണ് ചില കാർമേഘങ്ങൾ അവളുടെ അരികിലെത്തിയത്. ആ കാർമേഘങ്ങൾ അവളോട് ദയാലുക്കളെ പോലെ ഉരുവിട്ടു. നീ ആരാണെന്നോ എന്തിനുവന്നുവെന്നോ എന്ന് ഞങ്ങൾ ചോദിക്കുന്നില്ല. ഞങ്ങൾ കുറേ നാളായി ഈ ലോകം കാണുന്നു. ഈ ലോകം കണ്ടപ്പോൾ തന്നെ ഞങ്ങൾക്ക് അമ്മയായ ഈ ഭൂമിയോട് വെറുപ്പ് തോന്നി. ഞങ്ങളുടെ ഉള്ളിലിരിക്കുന്ന മഴയാകുന്ന മക്കളെ ഈ--- മഴത്തുള്ളികളാകുന്ന കുഞ്ഞുങ്ങളെ നിൻെറ കൂടെപ്പിറപ്പിനെ പോലെ നീ കാത്തു കൊൾക. ഇതാ ഈ പാത്രത്തിലേക്കു ഞങ്ങൾ മഴത്തുള്ളികളെ നിക്ഷേപിക്കുന്നു.

മഴത്തുള്ളികൾ ആ പാത്രംകൊണ്ട് സന്തുഷ്ടരാണോ എന്നു മനസ്സിലാക്കി കാർമേഘങ്ങൾ നോക്കെത്താ ദൂരത്തേക്കു യാത്രയായി.

ഇപ്പോഴും ചിന്നു നിശ്ചലതയിൽ ഇരിക്കുകയാണ്.തന്നെ ഒന്നും പറയാൻ ആ മേഘങ്ങൾ സമ്മതിക്കാത്തവണ്ണം ഞാൻ എന്തുചെയ്യാനാണ്. ഇനി


ഈ മഴത്തുള്ളിയെ സംരക്ഷിക്കുക. അതുമാത്രമെ ഉള്ളൂ ഇനി ഒരു മാർഗമെന്ന് ചിന്നു തൻെറ മനസിനെ ഉറപ്പിച്ചു. പിന്നീട്,ചിന്നു എവിടെ പോയാലും ആ ജലവും കൂട്ടിനുണ്ടായിരുന്നു. അത് കണ്ട് നാട്ടുകാരും കൂട്ടുകാരും വണ്ടർഫുൾ വാട്ടർ ചിന്നു എന്നു വിളിക്കാൻ തുടങ്ങി. ആ വിളി-- എന്നും അവൾക്ക് പ്രചോദനവും അഭിമാനവുമായിരുന്നു. ഒരു നാൾ അവൾ ഗാഢനിദ്രയിലായിരിക്കെ ഒരു വിളി ഉയർന്നു. അത് മഴത്തുള്ളിയുടേത് ആയിരുന്നു. അവർ ഉറക്കത്തിൽ നിന്നും ചിന്നുവിനെ വിളിച്ചുണർത്തി ഇങ്ങനെ പറഞ്ഞു"ഞങ്ങൾക്ക് മണ്ണിൽ പതിക്കാനുള്ള സമയമായെന്നു തോന്നുന്നു. വേഗം ഞങ്ങളെ മണ്ണിലേക്ക് പതിപ്പിക്കൂ".ചിന്നു തിരികെ ചോദിച്ചു"ഇത്ര നാൾ നമ്മൾ ഒന്നിച്ചായിരുന്നു. ആ വേളയിൽ എനിക്ക് സന്തോഷം മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞത്. നിങ്ങൾക്ക് എന്നെ വിട്ടുപോകുന്നതിൽ ഒരു വിഷമവുമില്ലേ. അവരുടെ മറുപടികളിൽ കണ്ണീരിൻെറ നനവ് അവൾ കണ്ടു അന്നു രാത്രി തന്നെ ആരോടും പറയാതെ അങ്ങു മുകളിലുള്ള അയ്യപ്പൻക്കാവ് എന്ന മലമുകളിലേക്ക് പോയി.

അവിടെ നിന്നും ഓരോ തുള്ളിയായി ജലത്തെ അവൾ മണ്ണിലേക്ക് നിക്ഷേപിച്ചു. ഓരോ ജലവും വീണ സ്ഥലങ്ങളിൽ പൊന്നുവിളയാൻ തുടങ്ങി.

ആ കാഴ്ച ഏവരേയും കണ്ണിന് കുളിരണിയിക്കുന്നതായിരുന്നു.പെട്ടന്നാണ് ആ ജലാശയത്തിൽ നിന്നും ഒരു ദേവത കടന്ന് വന്നത് അവർ ചിന്നുവിനോട് ഇങ്ങനെ പറഞ്ഞു"നീ എൻെറ അമ്മയാകുന്ന മേഘം പറഞ്ഞ കടമ വളരെ നന്നായ രീതിയിൽ നിറവേറ്റി അതിനുപകരമായിതാ

*ഞാൻ ഈ മണ്ണിൽ പൊന്നു വിളയിച്ചിരിക്കുന്നു" അങ്ങനെ പറഞ്ഞ് ആ ദേവത അതാ ആകാശ ഇരുളിമയിലേക്ക് പറന്നുയർന്നു.*

*പെട്ടന്നാണ് ചിന്നു ഉറക്കത്തിൻെറ പാതയിൽ നിന്നും വഴി തെറ്റി മറ്റൊരു ലോകത്തെത്തിയത്. അവൾ കണ്ടത് സ്വപ്നമാണന്ന് വിശ്വസിക്കാൻ അവൾക്ക് കഴിഞ്ഞില്ല. ഉറക്കമുണർന്ന് ഓടിച്ചെന്നത് അവൾ ആ ജലത്തുള്ളിയുടെ അടുത്തേക്കായിരുന്നു. മഴത്തുള്ളികൾ അവളോട് ഇങ്ങനെ പറഞ്ഞു"നീ കണ്ട സ്വപ്നം സത്യമാണ്. തീർച്ചയായും ഈ മണ്ണിൽ പൊന്നു വിളയുക തന്നെ ചെയ്യും.*



# മധുര വിഷം

കഥ

കൃഷ്ണപ്രിയ.പി 9.A

**നി**ശബ്ദത മരവിപ്പിച്ച ആ രാത്രിയിൽ ആസ്പത്രിക്കിടക്കയിൽ കിടന്ന് അയാൾ ഓർക്കുകയാണ് .

അയാളുടെ നല്ല നാളുകൾ......അച്ഛനോടും അമ്മയോടുമൊത്ത് തൻെറ കുഞ്ഞുവീട്ടിൽ കഴിഞ്ഞിരുന്ന,

സഹപാഠികളോട് കുന്നായ്മ പറഞ്ഞു നടന്ന ,ഭാര്യയോടുമൊത്ത് ഇല്ലായ്മയും വല്ലായ്മയും ഒരുമിച്ച്-

പങ്കിട്ട ആ നല്ല നാളുകൾ......ഇനി അതൊന്നും ഒരിക്കലും തിരിച്ച് വരില്ല. കാരണം 'മദ്യപാനം' എന്ന വിപത്ത് സന്തോഷങ്ങൾ എല്ലാം തല്ലിക്കെടുത്തി.

ഇനി ഒരിക്കലും മനസ് തുറന്നൊന്ന് ചിരിക്കാൻ പോലും കഴിയില്ലെന്ന് അയാൾക്ക് നന്നായിട്ട്

അറിയാം.കാരണം കരൾ എന്നെന്നേക്കുമായി നശിക്കുന്നതിൻെറ അവസാനഘട്ടത്തിലായിരുന്നു.

അതിൻെറ ഫലമായാണ്, കൂട്ടായി ആശുപത്രി മുറിയിലെ ഭിത്തികൾ മാത്രമായത്. ആരും നഷ്ടപ്പെടുത്താൻ

ആഗ്രഹിക്കാത്ത ജീവിതം തനിക്കുമുണ്ടായിരുന്നു എന്നാൽ, ജോലിത്തിരക്കുകളിലെ അസ്വസ്ഥതകളിൽ-

നിന്നു രക്ഷപ്പെടാനായി, ചെറിയൊരു ആശ്വാസം ഉണ്ടാക്കുമെന്ന് കരുതി മദ്യം കഴിച്ചു തുടങ്ങി.എന്നാൽ,

അഴിക്കാൻ ശ്രമിക്കുന്തോറും പിടിമുറുകി വരുന്ന മായിക ചങ്ങലയാണ് ലഹരി എന്നത് അവന് അറിഞ്ഞില്ല.പതിയെപ്പതിയെ എല്ലാ ദിവസവും അത് കഴിക്കണമെന്നായി. പിന്നെ മദ്യം ഇല്ലാതെ ജീവിക്കാൻ വയ്യാതായി.ചെറിയ

ഇടവേളകളിൽ പോലും മദ്യപിക്കാൻ തുടങ്ങി.തൻെറ മദ്യപാനത്തിൻെറ

അളവ് കണ്ട് പലരും ഗുണദോഷിച്ചതാണ്. നിർത്തു, വലിയ ആപത്താണ്.

എന്നാൽ, ലഹരിയുടെ പിടിയിൽപ്പെട്ടു കഴിഞ്ഞാൽ രക്ഷപ്പെട്ടു വരിക അസാ

ധ്യമാണ്. ആരുടെയും വാക്കുകൾക്ക് വില കൽപ്പിച്ചില്ല.തള്ളിക്കളഞ്ഞു.


എന്നാൽ, അന്നവർ പറഞ്ഞത് തൻെറ ജീവൻെറ മൂല്യമുള്ള വാക്കുകളായിരുന്നുവെന്ന് ഇന്നയാൾ മനസിലാക്കുന്നു. കരൾ രോഗം ബാധിച്ച്, പൂർണ അവശനായി, വാർധക്യമെത്തും മുമ്പ് തന്നെ മനസ്

കൊണ്ട് വൃദ്ധനായി തീർന്ന അയാൾ ഈ ആശുപത്രിക്കിടക്കയിൽ

കിടക്കുമ്പോൾ ഏതൊരാൾക്കും അവസാനഘട്ടത്തിൽ തോന്നിക്കുന്ന

എന്ന് അയാൾ ചിന്തിക്കുന്നു -'എന്തിന് ഞാൻ മദ്യം ഭക്ഷണമാക്കി ?......

വര




ശ്രീശയൻ

# മഴ പറയാതെ പോയത്

## കഥ

### സാന്ദ്രസുമേഷ് 10A

മഴയെ ഏറെ സ്നേഹിക്കുന്ന ഒരു പെൺക്കുട്ടിയായിരുന്നു അരുണ.മഴയുടെ താളവും ഈണവും അവൾക്ക് വളരെ സുപരിചിതമായിരുന്നു.അവളുടെ കുടുംബത്തിലെ ഏറ്റവും

സന്തോഷ നിമിഷങ്ങൾ ഈ പെൺക്കുട്ടിയുടെ സന്തോഷമായിരുന്നു അതിലുപരി അവൾ സ്വന്തം വ്യക്തിത്വത്തെ

സ്നേഹിക്കുന്നവളായിരുന്നു. മാത്രമല്ല ആ പെൺക്കുരുന്നിന്

സ്നേഹത്തിൻെറ വില നന്നായി അറിയാമായിരുന്നു. കാരണം അവൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം സ്വന്തം

സൽസ്വഭാവം ഉയർത്തിപിടിക്കാൻ മാത്രമായിരരുന്നില്ല അന്യൻെറ സങ്കടം മനസ്സിലാക്കി ജീവിക്കുന്ന അവൾ

എന്നും മറ്റുള്ളവർക്ക് ഒരു അത്ഭുതം തന്നെയായിരുന്നു.

പക്ഷേ ആ പതിനാറുകാരിക്കറിയില്ലായിരുന്നു ഒരു രോഗത്തിന്

അടിമയാകുമെന്ന് .  അപ്പോഴും അവൾ തളർന്നില്ല

ആരോടും പരാതിയും പറഞ്ഞില്ല കാരണം അവൾ അപ്പോഴും

ആഗ്രഹിക്കുന്നത് സ്വന്തം ബഹുജനങ്ങളുടെ സന്തോഷവും ഐക്യവുമാണെന്ന് അവൾ കരുതി.  തനിക്ക് ഒരിക്കലും മറച്ചുവയ്ക്കാൻ സാധിക്കാത്ത വിധത്തിൽ ആ മാരകമായ

ക്യാൻസർ അതിൻെറ ഭാവതലങ്ങൾ കാണിച്ചു കൊണ്ടിരുന്നു.

അങ്ങനെഎല്ലാവരുമറിഞ്ഞു തൻെറഅച്ഛനും,അമ്മയും,

ബന്ധുമിത്രാദികളും അവർക്ക് ഇവൾ മാത്രമായിരുന്നു ആശ്രയം.

അരുണയുടെ സന്തോഷമായിരുന്നു അവരുടെ സന്തോഷം. അവൾക്ക് ഇങ്ങനൊരു വിധി നൽകുമെന്ന് ആരും വിചാരിച്ചില്ല.

എല്ലാവർക്കും അത്ഭുതം സൃഷ്ടിച്ചിരുന്ന അവൾ. ഈ വിവരമറിഞ്ഞപ്പോൾ എല്ലവർക്കും അത്ഭുതം വീണ്ടും അവൾ

നൽകികൊണ്ടിരിക്കുന്നു. അങ്ങനെ തികച്ചും ഒരു ക്യാൻസർ

രോഗത്തിന് അടിമയായി കഴിഞ്ഞു.

സ്ക്കൂളുകളുടെയും വീടുകളുടെയും വരാന്ത ചവിട്ടിക്കയറിയ അവൾ

ഒടുവിൽ ക്യാൻസർ സെൻററിന്റെ പടി ചവിട്ടുകയായി.

ചികിത്സ നടത്തികൊണ്ടിരുന്നു. ഏറ്റവും ഭയാനകമായ

ഘട്ടത്തിലാണ് അവൾ.ഒന്നും ചെയ്യാൻ കഴിയില്ല അവളെ സ്നേഹിക്കുന്നവരെല്ലാം അവൾക്ക് വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയായി. അങ്ങനെ അരുണയുടെ ആദ്യത്തെ ശസ്ത്രക്രിയ നടന്നു.എല്ലാവർക്കും ശുഭ പ്രതീക്ഷയായിരുന്നു.

ആ പ്രതീക്ഷ ഒരിക്കലും തെറ്റിയിരുന്നില്ല. അരുണ വീണ്ടും ജീവിതത്തിലേക്ക് മടങ്ങിവരുകയായി, അവളെ സ്വീകരിക്കാൻ

അവളുടെ കൂടപിറപ്പുകളെത്തി.അങ്ങനെ വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം അരുണ വീണ്ടും തന്റെ വീട്ടിലേക്ക്.

വർണകടലാസുകളും പെൻസിലുകളും സൂക്ഷിക്കേണ്ട പ്രായത്തിൽ

അവളുടെ കൈയിൽ കുന്നോളം മരുന്നുകൾ. അരുണയ്ക്ക് ഏറ്റവും

ഇഷ്ടം അമ്മയോടും അച്ഛനോടുമാണ് മൂന്നാമതായി അവൾ സ്നേഹിച്ചിരുന്നത് മഴയെയാണ്. മഴയവൾക്ക് സന്തോഷം പകരുന്നു. മററുള്ളവർക്ക് മഴയൊരു ശാപവാക്കാണെങ്കിലും അവൾ മഴയെ ഏറെ സ്നേഹിച്ചിരുന്നു. രോഗാവസ്ഥയിൽ അവൾ ഇപ്പോൾ തന്റെ മുത്തച്ഛന്റെ ചാരു

കസേരമേൽ ഉമ്മറത്തിരുന്ന് മഴയ്ക്ക വേണ്ടി കാത്തിരിക്കും. മഴ വരുന്നത് അറിഞ്ഞാൽ അവൾ ഉടൻ ഉമ്മറത്ത് വന്നിരിക്കാറുണ്ട് എന്നിട്ട് സ്വയം മനസ്സിൽ തൻെറ വേദനകളെ കുറിച്ച് മന്ത്രിക്കും ഓടിട്ട വീടിൻെറ മേൽക്കൂരയിൽ കൂടി വീഴുന്ന മഴത്തുള്ളികൾ താഴേക്ക് പതിക്കുന്നത് കാണാൻ വളരെ ഭംഗിയാണ്.അരുണയുടെ ഭാവനയുടെ ഭംഗിയും ഇതു തന്നെയായിരുന്നു. മേൽക്കൂരയിൽക്കൂടി

വീഴുന്ന മഴമുത്തുകൾ വീടിനു ചുററും വെള്ളത്തോരണങ്ങൾ കെട്ടിയിട്ടതു പോലെയായിരിക്കും. മഴയുടെ ചില അലങ്കാര ഭംഗികളായിരുന്നു അരുണയെ സന്തോഷപ്പെടുത്തയിരുന്നത്.

ആ മഴ തീരുന്നതു വരെ അവൾ ഉമ്മറത്തിരിക്കുമായിരുന്നു. മഴയുടെ താളത്തിലും ഭാവത്തിലും അവൾ തൻെറ രോഗത്തെ പോലും മറക്കുമായിരുന്നു. പിന്നീട് ഒരു രോഗത്തിനും അവളെ കീഴ്പ്പെടുത്താൻ സാധിക്കുമായരുന്നില്ല. മഴ നൽകിയ സന്തോഷവും സമാധനവും അവൾക്കു വന്ന മാററത്തിൻെറ ഉദാഹരണമാണ്. അങ്ങനെ വീണ്ടും അരുണ എന്ന പെൺക്കുട്ടി ജീവിച്ചു. മഴയെയും സ്നേഹിച്ച് അവൾ ജീവിച്ചു,മരിക്കുവോളം.

*പലർക്കും ആവശ്യമില്ലാത്തത് മററുപലർക്കും വേണ്ടപ്പെട്ടതാണ്.


Sreesayan.K

# യാത്രാ വിവരണം

അർഷിത. കെ

**ജ**നവരിയിലെ ഒരു സുപ്രഭാതത്തിൽ ഞാനും എൻെറ കുടുംബവും പറശ്ശിനിയിലേക്ക് യാത്രയായി പുലർച്ചയുള്ള യാത്ര നല്ല സുഖമാണ്. നല്ല തണുപ്പുണ്ടായിരുന്നു,എൻെറ അനുജന് ചോറ് കൊടുക്കാൻ

വേണ്ടിയാണ് ഞങ്ങൾ പോയത്. ഞാനും, അമ്മയും, അച്ഛനും അച്ഛമ്മയും പാപ്പനും ആൻറിയും ചിന്നു മോളും

അമ്മമ്മയും കൂടി പുറപ്പെട്ടു. മാവുങ്കാലിൽ നിന്നും പ്രസാദ് മുത്തപ്പൻ കാറുമായി വന്നു.പയ്യന്നൂരിൽ നിന്നും രാഹുൽ പാപ്പനും അശ്വതി അമ്മായിയും മിന്നുവും മുത്തുവും കൂടി വന്നിരുന്നു. എട്ടുമണിയാകുമ്പോൾ ഞങ്ങൾ എല്ലാവരും പറശ്ശിനിയിൽ എത്തി.അപ്പോഴേക്കും മുത്തപ്പൻ തെയ്യമുണ്ടായിരുന്നു. മുത്തപ്പൻ തെയ്യത്തെ തൊഴുത് അനുഗ്രഹം വാങ്ങി.കുഞ്ഞിന് ചോറ് കൊടുത്തു .'ആദിനാഥ് ' എന്നാണ് പേരു വിളിച്ചത്. അതിനു ശേഷം പ്രഭാത ഭക്ഷണം

(പൊറാട്ടയും മുട്ടക്കറിയും)കഴിച്ചു. പിന്നെ ഞങ്ങൾ എല്ലാവരും ധർമശാല സ്നേക്ക് പാർക്കിലേക്ക് പോയി. അവിടെ

ഒരുപാട് മൃഗങ്ങളും പക്ഷികളും, പാമ്പുകളും ഉണ്ടായിരുന്നു.ആ കാഴ്ച കാണുവാൻ നല്ല ഭംഗിയാണ്.പിന്നെ വീണ്ടും

പറശ്ശിനിയിലേക്ക് പോയി.പാപ്പനും, അപ്പാപ്പനും ഒരുപാട് മാലയും വളയും വാങ്ങിച്ചു തന്നു. മുത്തുസിനും ആദിക്കും

കളിപ്പാട്ടങ്ങൾ വാങ്ങിച്ചു.മുത്തപ്പൻെറ പ്രസാദമായി ഉച്ചഭക്ഷണം കഴിച്ചാണ് ഞങ്ങൾ പറശ്ശിനിയിൽ നിന്നും മടങ്ങിയത്. പിന്നെ ഞങ്ങൾ തളിപറമ്പ് തൃച്ചമ്പരം ക്ഷേത്രത്തിൽ പോയി. സമയം നന്നേ വൈകിയത് കൊണ്ട്

ക്ഷേത്ര നട അടച്ചിരുന്നു. ഞങ്ങൾ ഭണ്ഡാരത്തിൽ പൈസയിട്ട് അവിടന്ന് യാത്ര തിരിച്ചു

വരുന്നവഴിക്ക് അശ്വതി-

യമ്മയുടെ വീട്ടിൽ കയറി ചായകുടിച്ചു.നാലരയാകുമ്പോൾ അവിടെ നിന്ന് യാത്ര തിരിച്ചു.മാവുങ്കാൽ അപ്പാപ്പന്റെ


വീട്ടിൽ പോയി.അവിടെ നിന്ന് ചായ കുടിച്ചു സന്ധ്യയാകുമ്പോൾ മാവുങ്കാൽ വീട്ടിലേക്ക് തിരിച്ചെത്തി.......

# ആറ്

കഥ

**ഉ**ണ്ണി നല്ല ഉറക്കത്തിലായിരുന്നു.വല്യമ്മയുടെ ശബ്ദം കേട്ട് ഉണ്ണി ഉണർന്നു.ഉണ്ണിക്ക് നല്ല ക്ഷീണം ഉണ്ടായിരുന്നു.മുറ്റത്തിറങ്ങിയ-

പ്പോൾ വലിയൊരു ജനക്കൂട്ടം.കൂടാതെ ഉണ്ണിയുടെ അച്ഛനും കൂട്ടുകാരും.ഉണ്ണിക്ക് കാര്യം മനസ്സിലായില്ല...അച്ഛൻ ഉണ്ണിയെ - അഭിനന്ദിച്ചു.അപ്പോഴാണ് മനസ്സിലായത് താൻ വലിയ ഒരുകാര്യമാണ് ചെയ്തതെന്നും മലയെ രക്ഷിച്ചതിനാണെന്നും മലയേയും മരങ്ങളെയും അവർ നശിപ്പിക്കുന്നതിന് കൂടെനിന്നിരുന്നെങ്കിൽ ഈ ഗ്രാമം നശിച്ചേനെ എന്ന് ഇവിടെയുള്ള നാട്ടുകാർ എന്നോട് പറഞ്ഞു.ഇവർ നിന്നെയും നിൻെറ കൂട്ടുകാരേയും അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നുവെന്നും എന്നോട് പറഞ്ഞു.എന്താ നീ-പോവില്ലേ എന്ന ചോദ്യത്തിന് ഉത്തരം പറയാൻ പറ്റില്ല.കാരണം ആദ്യമായിട്ടാണ് ഇങ്ങനെയുള്ള സംഭവങ്ങൾ.പെട്ടന്ന് ഉണ്ണിയേയും പൊക്കി ഒരു കെട്ടിടത്തിലേക്ക് കൊണ്ടു പോയി. വഴിയിൽ തോരണങ്ങളും അലങ്കാരങ്ങളും ഇടയ്ക്ക് വെടിക്കെട്ടുമുണ്ട്.എല്ലാവരും ഉണ്ണിയേയും കൂട്ടരേയും പ്രശംസിച്ചു.കുട്ടികൾക്ക് പൂമാലയണിയിച്ചു.എല്ലാവരും കൈയ്യടിച്ച് പ്രോൽസാഹിപ്പിച്ചു.പിന്നീടുള്ള കാലവും അവർ സന്തോഷത്തിൻെറയും സമാധാനത്തിൻെറയും അഭിമാനത്തിൻെറയും പ്രതീകമായി വളർന്നു.വളർന്ന് വലുതായവർ വലിയൊരു പരിസ്ഥിതി പ്രവർത്തകരായി മാറി.


എത്ര കാലമായി ഞാൻ വെളിച്ചം നൽകുന്നവനാണ് മറ്റു വിളക്കുകളെല്ലാം എന്റെ വിലയാണ് ഞാൻ സാധാരണ ജനങ്ങളുടെ ഒരു സന്തോഷവാനാണല്ലോ!
ഹും! സന്തോഷം! വെറുതെ ചൂടായി എത്ര ഊർജ്ജമാണിവൻ നഷ്ടപ്പെടുത്തുന്നത് അങ്ങനെയുള്ളോരോ ഇതറിയുന്നോ അവസാനം ബില്ലുവരുമ്പോൾ പഴിയെല്ലാം എനിക്ക്!!!
VIDEOCON
Vismaya.M 8.B

## കാർട്ടൂൺ

# മാമ്പഴം

കഥ

ഷംസഫാത്തിമ 6B

**പ**ട്ടുവികൃതിയായ ഒരു ബാലനാണ് രാമു..

ആരുപറഞ്ഞാലും അനുസരിക്കാതെ,മരം

കേറിനടക്കുന്ന തലതെറിച്ച ഒരു പയ്യൻ...

ഒരു ദിവസം രാമു ഒരു മാവിൻറ കൊമ്പിൽ കയറി ഇരിക്കുകയായിരുന്നു "മോനെ

ഉറുമ്പുണ്ട്,കടിയ്ക്കും സൂക്ഷിക്കു-

ക്കണേ"അവൻെറ അമ്മ പറഞ്ഞു.

" മഴക്കാലമാണ് തെന്നിപ്പോകും"

ചേട്ടൻ പറഞ്ഞു. "ഓ പിന്നേ....ഒരാള്

വന്നേക്കുന്നു....ഒന്ന് പോണുണ്ടോ?..

ഉപദേശിക്കാൻ വന്നിരിക്കുന്നു.."

ചേട്ടാ ഒരു മാമ്പഴമെനിക്ക് തരുമോ എനിക്ക് കൊതിയാവുന്നു.

എൻെറ പൊന്നു ചേട്ടനല്ലേ മാള് അവനെ സോപ്പിട്ടു. ഒന്നു പോടി... ഇപ്പോ സൗകര്യമില്ല."

മരക്കൊമ്പിലൂടെ ഓടിയും ചാടിയും അവൻ രസിച്ചു.. ചാഞ്ഞ കൊമ്പിലുണ്ട്,

ആഹാ ഒരു മൂത്ത മാമ്പഴം,ഭാഗ്യം അണ്ണാൻ കണ്ടിട്ടില്ല.വേഗം പറിക്കട്ടെ...

രാമു മരംപതുക്കെ കുലുക്ക്...മാമ്പഴം താഴെവീണോളും..."അച്ഛൻെറ ശബ്ദം കേട്ടു

ങ്ഹും വേണ്ട എന്നിട്ട് നിങ്ങൾക്ക് എടുക്കാനല്ലേ......?അങ്ങനെയിപ്പോൾ തിന്നണ്ട..

മാമ്പഴം ലക്ഷ്യമാക്കി ചില്ലക്കൊമ്പിൻെറ അറ്റത്തു ചെന്നു..

ചടുപിടധിം..കൊമ്പൊടിഞ്ഞ് താഴെ.....

ഒപ്പം രാമുവും മാമ്പഴവും

“ഭാഗ്യം ഒന്നും പറ്റിയില്ല"മുത്തച്ചൻ പറഞ്ഞു."ഈശ്വരൻ കാത്തു"മുത്തശ്ശി സമാധാനിച്ചു.

“ചേട്ടാ ദാ...മാമ്പഴം...” മാളു എടുത്ത് കൊടുത്തു.പാവം രാമു കരച്ചിലടക്കി പറഞ്ഞു.മോളെടുത്തോ! മാളു പുഞ്ചിരിച്ചു.വേദന മറന്ന് അവനും...

# ജ്വലിക്കുന്ന നിമിഷം

കവിത

*മിനി ടീച്ചർ*

ഹേ മാനവാ നോക്കൂ നിന്നാർഷസംസ്കാരം

ജാതിയും മതങ്ങളും ആയുധ മെടുക്കു ഡോന്നിതന്യോന്യം

ജ്വലിക്കുന്ന മിഴികളിൽ മതമെന്ന വിഷം

സ്മരിക്കുന്നു മനതാരി ലവനന്യനെന്ന ബോധം

അറിയുന്നുവോ നീ നമ്മൾ ഒരമ്മ പെറ്റ മക്കൾ

അറിയുക നീ നമ്മളെല്ലാം സോദരങ്ങൾ

നിൻ വാൾമുനയ്ക്ക് ഇരയാകുന്നവനെഓർക്കുക നീ

അവനുമൊരു അമ്മ പെറ്റപൈതൽ

അരുതേ മനസ്സിൽ തീവ്രവാദം

അരുതേ നാവിൽ കൊലയെന്ന് വാക്ക്

മാതാവിൻ കണ്ണുനീർപാരിന്നു ശാപ

അറിയുക നീ ആ ശാപത്തെയും

നിൻ കൈകളിലേന്തിയ ഉടവാൾ ഒരുനാൾ

തിരികെ നിൻ ശിരസ്സിനു നേർ വരെയും

അറിയുക നീയന്നു മതവും ദൈവവുമൊന്ന്തന്നെ

# മഴ പറഞ്ഞതെന്ത്

**മഴ** പെയ്തുകൊണ്ടിരിക്കുകയാണ്.കിട്ടുണ്ണിയേട്ടൻ പാടത്തിൽ നിന്ന് കയറി മഴകൊള്ളാതിരിക്കാൻഓലമേഞ്ഞ ഒരു ഷെഡിൽ ഇരുന്നു.മഴയുടെ താളം അദ്ദേഹത്തിന് ആരുടേയോ ശബ്ദം അനുഭവപ്പെടുന്നു.മഴ തന്നോട് എന്തൊക്കെയോ പറയുന്നതായി അദ്ദേഹത്തിനു
തോന്നി.അതിനാൽ മഴയുടെ ചലനത്തിലേക്ക് ഏദ്ദേഹം
തോർത്തു.എത്ര ശ്രമിച്ചിട്ടും മഴ പറയുന്നതെന്തെന്ന് അദ്ദഹത്തിന് സ്വയത്തമാക്കാൻ സാധിക്കുന്നില്ല.അൽപ്പ
നേരം കഴിഞ്ഞ് മഴ ശമിച്ചു.കിട്ടുണ്ണിയേട്ടൻ പാടത്തിൽ ഇറങ്ങി
നാളെ കൊയ്ത്താണ് .ഓരോ ഞാറും അദ്ദേഹത്തിൻെറ അദ്ധ്യാനമാണ് .ഓരോ ഞറുനടുമ്പോഴും തൻെറ മക്കളെപറ്റി
അദ്ദേഹം ഓർക്കുമായിരുന്നു.മൂന്ന് പെൺ മക്കളാണ്.മൂത്ത
മകൾക്ക് കല്യണപ്രായമായി.അവൾക്ക് കലക്ട്റാകണം
എന്നാണ് ആഗ്രഹം.അതിന് പഠിച്ചുക്കൊണ്ടിരിക്കുകയാണ്
മറ്റ് രണ്ടുപേരും പത്തിൽ പഠിക്കുന്നു.ദാരിദ്രത്തിന്റെ ചൂടിൽ
നിന്ന് രക്ഷപ്പെടാൻ അദ്ദേഹത്തിന് കൃഷിയാണ് ആശ്വസമാ
കുന്നത്.സന്ധ്യകഴിഞ്ഞ് വീട്ടിലേക്ക് പ്രതീക്ഷയോടെയാണ്
ചെന്നത്.നാളത്തെ കൊയ്ത്തു കഴിഞ്ഞാൽ പരമാവധി കടങ്ങൾ
തീർന്ന് പുതിയ വീട് പണി ആരംഭിക്കാം.വീട്ടിലെത്തി തിണ്ണയിലിരുന്ന് മാനത്ത് നോക്കി കിട്ടുണ്ണിയേട്ടൻ കുറേ
ഇരുന്നു."അപ്പാ വാ.വന്ന് കഞ്ഞി കുടിക്ക്,നല്ല ചമ്മന്തിയു
ണ്ട്"'മൂത്തമോൾ ചാരു വിളിച്ചു പറഞ്ഞു.'ഇതാ ഞാൻ ഇപ്പവരാം'കിട്ടുണ്ണിയേട്ടൻ മറുപടിപറഞ്ഞു.വയറ്റിൽ നിന്ന്
വിശപ്പിൻെറ കാഹളം ഉയരുന്നു.വയറിൽ ഒന്ന് തലോടി
അദ്ദേഹം കഞ്ഞി കുടിക്കാൻ ചെന്നു."ഇന്നെന്ത അപ്പാ ഇത്ര
സന്തോഷത്തിൽ"ഇളയവൾ തിരക്കി.സന്തോഷത്തോടെ കിട്ടുണ്ണിയേട്ടൻ പറഞ്ഞു."നാളെ കൊയത്തല്ലെ.നാളെ
കഴിഞ്ഞാൽ നമ്മുടെ കഷ്ട്പ്പാടൊക്കെ തീരും".എല്ലാവർക്കും
സന്തോഷമായി."നല്ല ഇടിയും മഴയുമുണ്ട്.വേഗം ചോറ് കഴിച്ച് കിടക്ക്"കട്ടുണ്ണിയേട്ടൻ ഇങ്ങനെ പറഞ്ഞ് വരാന്തയിലേക്ക് ഇറങ്ങി.മഴ നന്നായി പെയ്യുന്നു.മഴ എന്തോ
പറയുന്നതായി അദ്ദേഹത്തിന് വീണ്ടും തോന്നി.എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിന് ഒന്നും പിടികിട്ടുന്നില്ല.
വിഷമവിദശക്കമായി അദ്ദേഹം അകത്തേക്കു കയറിപ്പോയി.
കിടന്നിട്ട് ഉറക്കം വരുന്നതേയില്ല.മഴയുടെ താളംഒരു താരാട്ടു പാട്ടായി അദ്ദേഹത്തെ

ഉറക്കത്തിലേക്ക് ചാഞ്ചട്ടി.പെട്ടന്ന്
ആണ് ഒരളർച്ച."അപ്പാ ഓടി വാ,ഇതാ വെള്ളപ്പൊക്കം വരുന്നു.ഞങ്ങളെ രക്ഷിക്ക്"ചാടി എഴുന്നേറ്റ് അദ്ദേഹം മുറിയിൽ നിന്ന് പുറത്തിറങ്ങി.ചുറ്റും വെള്ളം.എന്ത് ചെയ്യണമെന്ന് അദ്ദേഹത്തിന് ഒരു എത്തും പിടിയുമില്ല.
പെട്ടെന്ന് മൂന്ന് മക്കളേയും കൊണ്ട് അദ്ദഹം അവിടം വിടാൻ
ശ്രമിച്ചു.നീന്തി നീന്തി അവർ ഗ്രാമവീതിയിൽ എത്തി രണ്ട്
നിലയുള്ളൊരു വീട്ടിൽ അഭയം തേടി.വെള്ളം കയറുകയാണ്.രക്ഷാപ്രവർത്തനങ്ങൾ ഒന്നും ഇവിടെ
എത്തുന്നില്ല.രണ്ടുദിവസം കഴിഞ്ഞു.ഒന്നും ചെയ്യാൻ പറ്റിയില്ല.വെള്ളം രണ്ട് ഇരട്ടി കൂടി.വെള്ളമില്ല ഭക്ഷണമില്ല.
പ്രഥമിക സൗകര്യങ്ങളില്ല.അങ്ങനെ അഞ്ച് ദിവസം കൊണ്ട്
എല്ലാം ശാന്തമായി.പ്രളയം കെട്ടടങ്ങി.കിട്ടുണ്ണിയേട്ടനേയും
മക്കളെയും ബാക്കി അഭയാർഥികളെയും ക്യമ്പിലേക്ക് മാറ്റി.
മൂന്ന് മക്കളേയും നെഞ്ചോട് പിടിച്ച് തണുത്തു വിറച്ച് ക്യമ്പിൽ ഇരിക്കുകയാണ് കിട്ടുണ്ണിയേട്ടൻ.എല്ലാം നശിച്ച
താനു മാറി.അത്യദ്ധ്യനം കൊണ്ട് ചുവടുപിടിച്ച ക്രഷിയെ
പ്രളയം വിഴുങ്ങി.അത് അദ്ദേഹത്തിൻറ മനസിനെ വല്ലാതെ
അലട്ടികൊണ്ടിരിക്കുന്നു.ഒരു കുടുംബത്തിൻറ പ്രതീക്ഷകളായി.അഞ്ച് ദിവസം കൊണ്ട് ഇല്ലാതായത്
എല്ലറ്റനെയും കൊണ്ടുപോയ പ്രളയത്തിന് നമ്മുടെ ജീവിതം
കൊണ്ടു പോകായിരുന്നില്ല.എന്നദ്ദേഹം ഒര നിമിഷം
ആഗ്രഹിച്ചുപോയി.അപ്പോഴാണ് അദ്ദേഹത്തിന് മഴ പറഞ്ഞതെന്തന്ന് എന്തെന്ന് മനസിലായത്.




വര ജിഷ്ണു

# മഴ പെയ്യുന്നു

കവിത

അൻഷാസ്

പേമഴ പെയ്യുമൊരന്തി-

വിളക്കത്തൊരു ഓമന

കുട്ടനിതോതിനിൽപ്പൂ

മാനത്ത് മണ്ടിക്കളി-

ക്കും കീടാങ്ങളെഞാനും

വരട്ടെ കളിക്കാൻ

കൂടെ.

ഇന്നലെ വാങ്ങിത്ത-


ന്ന പൂക്കുട ചൂടി

ഞാനും വരട്ടെ നിൻെറ

കൂടെ...



വര മഞ്ജരി




വര ഗൗതംകൃഷ്ണ

# എഡിറ്റോറിയൽബോർഡ്



| | |
|---|---|
| ഭാസ്കരൻ എ(ഹെഡ്മാസ്റ്റർ) | എ നാരായണൻ (PTA president) |
| ചന്ദ്രശേഖരൻ കെ ആർ (സ്റ്റാഫ് സെക്രട്ടറി) | ശ്രീജ പി പി(SITC) |
| നളിനി ബി(കൈറ്റ് മിസ്ട്രസ്) | ശരത് എസ് (HST) |
| രാജേഷ് കുമാർ (UPST) | സെൽവി എം ആർ(LPST) |
| വിനീത എം(HST) | വിപിത(SRG Convenor) |
| ദിവ്യ എം കെ(HST) | സീന (UPST) |
| സുരസി സി(HST) | മിനി മോൾ(UPST) |
| ശ്രീന( സ്കൂൾ ലീഡർ) | നീതു മുരളീധരൻ(Student Editor) |



# മികവുകൾ



# നന്ദി

